ഡ്യൂട്ടിയിലുണ്ടായിരുന്നവരും തമ്മിൽ വാക്കേറ്റമുണ്ടായ പ്രശ്നം എന്തായിരുന്നു ;

(സി) കേസ് പിൻവലിക്കാൻ തീരുമാനിച്ചത് എന്തടിസ്ഥാനത്തിലാണ്?

ഉത്തരം

(എ) മണൽ കടത്തുമായി ബന്ധപ്പെട്ട് മുൻ എം.പി. ശ്രീ. കെ. സുധാകരൻ പ്രതിയായി വളപട്ടണം പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടില്ല

(ബി)

(1) അബ്ദുൾ സമദ് പി. വി., (2) അബ്ദുൾ ഹമീദ് പി. വി. എന്നിവരാണ് മണൽ കടത്തുമായി ബന്ധപ്പെട്ട് പോലീസ് എടുത്ത കേസ്സിലെ പ്രതികൾ. പോലീസിനെ കൈയ്യേറ്റം ചെയ്ത കേസ്സിലെ പ്രതികൾ (1) കല്ലിക്കോടൻ രാകേഷ്, (2) ഷറഫുദീൻ എന്നിവരാണ്. 31-10-2012-ന് 12 മണിക്ക് അനധികൃതമായി മണൽ കടത്തിയതിന് അറസ്റ്റ് ചെയ്ത പ്രതികളെ ബലമായി മോചിപ്പിക്കാൻ വന്ന് പോലീസ് സ്റ്റേഷനിൽ അതിക്രമം കാണിച്ചവരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ശ്രീ. കെ. സുധാകരൻ ഉൾപ്പെടെ എട്ടോളം പേരും കണ്ടാലറിയാവുന്ന നൂറോളം പേരും കൂടം ചെയ്യണമെന്ന ഉദ്ദേശത്തോടെ ന്യായവിരോധമായി സംഘം ചേരുകയും പോലീസ് സ്റ്റേഷന്റെ കിഴക്കുംഭാഗം ഗേറ്റിന് മൻവശം വളപട്ടണം ഭാഗത്തേക്ക് പബ്ലിക്ക് റോഡിൽ കൂട്ടം കൂടി നിന്ന് പ്രകോപനപരമായി മുദ്രാവാക്യം വിളിക്കുകയും ചെയ്തു. പോലീസ് തടഞ്ഞപ്പോൾ തട്ടിമാറ്റി സ്റ്റേഷൻ കോമ്പൗണ്ടിൽ കയറി സബ്ഇൻസ്പെക്ടറുടെ മുറിയിലിരുന്ന് ജോലി ചെയ്യുകയായിരുന്ന സബ്ഇൻസ്പെക്ടറുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തതിന് മുൻ എം.പി. ശ്രീ. കെ. സുധാകരൻ മൂന്നാം പ്രതിയായി ക്രൈം നമ്പർ 1318/2012 പ്രകാരം ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കേസ് പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

സോളാർ തട്ടിപ്പ്

161 (162) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കേസിലെ പ്രതി സരിതാ നായർ എ.ഡി.ജി.പി., കെ. പത്മകുമാറിനെതിരെ, ഡി.ജി.പി.ക്ക് ഏഴ് പേജുള്ള പരാതി നല്കിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം നടത്തിയിട്ടുണ്ടോ ; പരാതിയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(സി) പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ഏതെങ്കിലും കാര്യങ്ങൾ സോളാർ തട്ടിപ്പ് സംബന്ധിച്ച് അന്വേഷിക്കുന്ന കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ?

ഉത്തരം

(എ - സി) സോളാർ കേസിലെ പ്രതി സരിതാ നായർ എ.ഡി.ജി.പി. കെ.പത്മകുമാറിനെതിരെ സംസ്ഥാന പോലീസ് മേധാവിയ്ക്ക് പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിയിൽ പറയുന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിവരികയാണ്. അന്വേഷണാനന്തരം പരാതിയിൽ പറയുന്ന ആരോപണങ്ങളുടെ നിജസ്ഥിതി പരിശോധിച്ചതിനുശേഷം മാത്രമേ ഇടർ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.

ശ്രീ. എം. ബി. ബാലകൃഷ്ണനെ കൊലപ്പെടുത്തിയ കേസ്

162 (163) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ തിരുവോണനാളിൽ ഉദുമ മാങ്ങാട് സ്വദേശി ശ്രീ. എം. ബി. ബാലകൃഷ്ണനെ കൊലപ്പെടുത്തിയ കേസിലെ പ്രതികളെ പിടികിട്ടാനുണ്ടോ ;

(ബി) എങ്കിൽ ഈ പ്രതികൾ ആരൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ബാലകൃഷ്ണൻ കൊലചെയ്യപ്പെടുന്ന സമയത്ത് പ്രസ്തുത പ്രതികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെയോ പോഷക സംഘടനകളുടേയോ ഭാരവാഹികളായിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവരെ പിടികൂടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേസിലെ ആറാം പ്രതിയായ ഷിബു S/o. കുഞ്ഞി കേളു നായർ, ചെറിയ മാങ്ങാട്, മാങ്ങാട് എന്നയാളെയും ഏഴാം പ്രതിയായ അബ്ദുൾ മജീദ് @ മജീദ്, S/o. ആയുക്ക, വെടിക്കുന്ന് റോഡ്, ബാര വില്ലേജ് എന്നയാളെയുമാണ്

LIBRARY ARCHIVES Kerala Legislative Assembly.